**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 166** | **12-02-2024 - ൽ മറുപടിയ്ക്ക്**

**ആരോഗ്യമേഖലയിലെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യമേഖലയിലെ പുതിയകാല വെല്ലുവിളികളെ നേരിടാൻ കഴിയുന്നവിധം അടിസ്ഥാനസൗകര്യ വികസനത്തിന് മുൻഗണന നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ആരോഗ്യ മേഖലയിൽ ഉണ്ടാകുന്ന പുതിയകാല വെല്ലുവിളികളെ നേരിടാൻ പര്യാപ്തമായ രീതിയിലാണ് ആരോഗ്യരംഗത്തെ അടിസ്ഥാന സൗകര്യ വികസനം ആർദ്രം പദ്ധതിയിലൂടെ രൂപ കൽപ്പന ചെയ്തിരിക്കുന്നത്. **പുതിയകാല വെല്ലുവിളികളെ നേരിടാൻ കഴിയും വിധം കേരളത്തിന്റെ ആരോഗ്യമേഖല മെച്ചപ്പെട്ടു എന്നതിന്റെ ഉത്തമ ഉദാഹരണമാണ് കോവിഡ് മഹാമാരിയും നിപ്പയും കേരളം തരണം ചെയ്തത്.**<br><br>**ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്തേക്കാളും മികച്ച ആയുർദൈർഘ്യമാണ് കേരളത്തിനുള്ളത്. കേരളത്തിലെ ശിശുമരണ നിരക്കും, മാതൃമരണ നിരക്കും മറ്റ് സംസ്ഥാനങ്ങളേക്കാൾ വളരെയധികം കുറവാണ്.** e-health സംവിധാനം, ഇ-സഞ്ജീവനി എന്നീ പദ്ധതികൾ നടപ്പിലാക്കുകയും ഒപ്പം കേരളത്തിലെ ജനങ്ങളുടെ out of pocket expenditure കുറയ്ക്കുന്നതിനായി വിവിധതരം ചികിത്സാ സൗജന്യ പദ്ധതികളും നടപ്പിലാക്കി വരുന്നു. രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതെ തടയുക എന്നതാണ് നാം ലക്ഷ്യമിടുന്നത്. ജീവിത ശൈലി രോഗങ്ങൾ, പകർച്ചവ്യാധികൾ, പകർച്ചേതര വ്യാധികൾ എന്നിവ തടയാനും നിയന്ത്രിക്കാനും മതിയായ ചികിത്സ പ്രാഥമികതലം മുതൽ നൽകി വരുന്നു. ജീവിതശൈലീ രോഗങ്ങൾ NCD ക്ലിനിക് മുഖേന നേരത്തെ തന്നെ കണ്ടെത്തുന്നതിനും, ആയതിന് മതിയായ ചികിത്സ നൽകാനും കഴിയുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കേരളീയ ജനതയുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കുടംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവ വഴി സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ നൽകി വരുന്നു. കൂടാതെ, ഉപ ആരോഗ്യ കേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നു. 2016 മുതൽ മൂന്ന് ഘട്ടങ്ങളിലായി സംസ്ഥാനത്തെ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട ജില്ലാ/താലൂക്ക്തല ആശുപത്രികളിൽ ഒ.പി. പരിവർത്തനം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെ തുടർന്ന് പകർച്ചവ്യാധി പ്രതിരോധവും, നിയന്ത്രണവും കാര്യക്ഷമമാക്കുന്നതിനും, ഭാവിയിൽ ഉണ്ടായേക്കാവുന്ന ഇത്തരം മഹാമാരികളെ നേരിടുന്നതിനും കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന ഓരോ ആരോഗ്യ സ്ഥാപനങ്ങളിൽ 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ നിർമ്മിച്ചു വരുന്നു.<br><br>എൻ പി സി ബി (National program for control of blindness) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 601 വിഷൻ സെന്ററുകൾ പ്രവർത്തന സജ്ജമാക്കി. പ്രസ്തുത പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സൗജന്യ തിമിര ശസ്ത്രക്രിയ, സ്കൂൾ കുട്ടികൾക്കും, വയോജനങ്ങൾക്കും കാഴ്ച പരിശോധന നടത്തി സൗജന്യ കണ്ണട വിതരണം എന്നിവ നടപ്പിലാക്കുന്നു. എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും സൗജന്യ നേത്ര പരിശോധന, ഒപ്ടോമെട്രിസ്റ്റിന്റെ സേവനം എന്നിവ ലഭ്യമാണ്. കൂടാതെ പ്രാഥമാകാരോഗ്യ കേന്ദ്രങ്ങളിലും, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും മാസത്തിലെ നിശ്ചിത ദിവസങ്ങളിൽ സൗജന്യ നേത്ര പരിശോധന നടത്തി വരുന്നു. മെഡിക്കൽ പഠനം നടത്തുന്നതായ വിദ്യാർത്ഥികൾക്ക് നവീന ചികിത്സാ രീതികളും, ചികിത്സാ ഉപകരണങ്ങളും, മരുന്നുകളും, അവയുടെ പ്രയോഗവും വിപണിയിൽ ലഭ്യമാകുമ്പോൾ തന്നെ പരിചയപ്പെടുത്തുകയും, പ്രായോഗിക രീതിയിൽ പഠിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ കാലഘട്ടത്തിന്റെ ആവശ്യകത അനുസരിച്ച് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ആയുഷ് വകുപ്പ് മുഖേനയും ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| | | | |

| | | | |
|---|---|---|---|
| (ബി) | സമഗ്രവും മാതൃകാപരവുമായ ഇടപെടലുകൾ കേരളത്തെ ആരോഗ്യമേഖലയിൽ രാജ്യത്തെ മികച്ച സംസ്ഥാനമാക്കി മാറ്റിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. മറ്റു പല സംസ്ഥാനങ്ങളും കേരളത്തെ മാതൃകയാക്കി നിരവധി ആരോഗ്യ പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കി വരുകയും ചെയ്യുന്നു.**ജീവിതശൈലി നിർണ്ണയം, ശ്വാസ്, ആശ്വാസ്, ശിരസ്സ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുക വഴി ഇന്ന് നാം നേരിടുന്ന പ്രധാന വെല്ലുവിളികളായ ജീവിതശൈലീ രോഗങ്ങളെ മുൻകൂട്ടി നിർണ്ണയിക്കാൻ സാധ്യമാകുന്നുണ്ട്. കേരളത്തിന്റെ ആരോഗ്യ മേഖല മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണ് എന്നതിന്റെ പ്രധാന തെളിവാണ് നീതി ആയോഗ് 2020 – 21 ഹെൽത്ത് ഇൻഡെക്സിൽ കേരളം 74 പോയിന്റോടു കൂടി ഒന്നാം സ്ഥാനത്ത് നിലനിൽക്കുന്നത്. ആരോഗ്യ മേഖലയിലെ സമഗ്ര വികസനത്തിന്റെ ഭാഗമായാണ് ടി നേട്ടങ്ങൾ കേരളത്തിന് കൈവരിക്കാനായത്. മറ്റ് ഏതൊരു സംസ്ഥാനത്തെ അപേക്ഷിച്ചും** ശിശുമരണനിരക്ക്, മാതൃമരണനിരക്ക് എന്നിവ ഏറ്റവും കുറഞ്ഞ സംസ്ഥാനം, ആയുർദൈർഘ്യം ഏറ്റവും കൂടിയ സംസ്ഥാനം, സ്ത്രീ-പുരുഷാനുപാതം തുടങ്ങിയ ആരോഗ്യ സൂചികകൾ വികസിത രാജ്യങ്ങളോടൊപ്പം താരതമ്യം ചെയ്യാവുന്ന നിരക്കിലാണ്. ഇവ രാജ്യത്തെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാകാനുള്ള കാരണം, **ആരോഗ്യ മേഖല അത്രയേറെ മികവാർന്ന പ്രവർത്തനങ്ങൾ പ്രാഥമിക തലം മുതലേ കാര്യക്ഷമമായി നിർവ്വഹിക്കുന്നതു കൊണ്ടാണ്. ആരോഗ്യമേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾക്കുള്ള അംഗീകാരമെന്നോണം നിരവധി ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ ലഭ്യമായിട്ടുണ്ട്. അതിന് ചില ഉദാഹരണങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.**<br><br>മാതൃശിശു മരണ നിരക്ക് കുറയ്ക്കുക, ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യത്തോടുകൂടിയാണ് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ലക്ഷ്യ പദ്ധതി ആവിഷ്കരിച്ചത്. ഈ സർക്കാരിന്റെ കാലത്ത് കേരളത്തിൽ 7 ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. മികച്ച ശിശു സൗഹൃദ സേവനങ്ങൾക്ക് സംസ്ഥാനത്ത് ആദ്യമായി കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് (ഐ.എം.സി.എച്ച്)നു മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിക്കുകയുണ്ടായി. ലോക രോഗി സുരക്ഷാ ദിനത്തിന്റെ (International Patient safety Day ) ഭാഗമായി ദേശീയതലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ .ക്യു .എ .എസ്) അംഗീകാരം ഏറ്റവും കൂടുതൽ കരസ്ഥമാക്കിയ |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങൾക്ക് പുരസ്കാരം പ്രഖ്യാപിച്ചതിൽ കേരളം രണ്ട് അവാർഡുകൾക്ക് അർഹരായി. ദേശീയ തലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ .ക്യു .എ .എസ്) അംഗീകാരം ലഭിച്ച നഗര പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ കേരളം ഒന്നാം സ്ഥാനത്തേക്കും പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ, കേരളം റണ്ണർ അപ്പായും തിരഞ്ഞെടുക്കപ്പെട്ടു. |
| (സി) | ആരോഗ്യമേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിന് മുൻഗണന നൽകുന്നതിന്റെ ഭാഗമായി ഗ്രാമീണ മേഖലയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള പ്രധാന പ്രവർത്തനങ്ങളും നയപരമായ തീരുമാനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | എല്ലാവർക്കും  താങ്ങാവുന്നതും പ്രാപ്യവും സമഗ്രവും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നത് വഴി സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് ആർദ്രം മിഷൻ. ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാണ് ആർദ്രം മിഷന്റെ ഒന്നാം ഘട്ടത്തിൽ ഊന്നൽ നൽകിയത്. ഇതിൽ ഏറ്റവും പ്രധാന ഘടകമായി ഏറ്റെടുത്തത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയുള്ള പരിവർത്തനമാണ്. ഇതിന്റെ തുടർച്ചയായി സേവനങ്ങളിലും പ്രവർത്തന മികവിലും ഗുണനിലവാര വർദ്ധനയിലും ഊന്നൽ നൽകാനും വർദ്ധിച്ച ജനകീയ പങ്കാളിത്തത്തോടെ ആരോഗ്യകരമായ ജീവിതം കൈവരിക്കാനുള്ള സാമൂഹ്യ പ്രവർത്തനങ്ങൾക്കുമാണ് ആർദ്രം മിഷൻ രണ്ടാം ഘട്ടത്തിൽ ലക്ഷ്യംവെയ്ക്കുന്നത്. സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ ഉറപ്പാക്കുക, ജനസൗഹൃദ ആരോഗ്യ സ്ഥാപനങ്ങൾ സൃഷ്ടിക്കുക, ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ, ചികിത്സാ ചെലവുകൾ കുറയ്ക്കുക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുക എന്നിവയാണ് രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾ. സംസ്ഥാനത്തെ വിവിധ പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ജില്ലാ/താലൂക്കാശുപത്രികൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ആർദ്രം പദ്ധതി പ്രകാരമുള്ള നിർമ്മാണ നവീകരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. കൂടാതെ മുഴുവൻ ആരോഗ്യ ഉപകേന്ദ്രങ്ങളെയും ജനകീയാരോഗ്യകേന്ദ്രങ്ങളായി വികസിപ്പിച്ചു. ഒരു ജനകീയാരോഗ്യകേന്ദ്രത്തിൽ (subcentre) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഒരു മിഡ് ലെവൽ സർവീസ് പ്രൊവൈഡർ (MLSP) എന്നിവരുടെ സേവനം ഉണ്ടായിരിക്കുന്നതാണ്. ആശാ പ്രവർത്തകർ ഈ ടീമിന് വേണ്ട പിന്തുണ നൽകുകയും സമൂഹവുമായുള്ള കണ്ണിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | ജനകീയാരോഗ്യകേന്ദ്രം മുഖേനയുള്ള വ്യത്യസ്തങ്ങളായ ക്ലിനിക്കുകൾക്കു നേതൃത്വം നൽകുകയും കമ്മ്യൂണിറ്റി തലത്തിൽ സേവനങ്ങൾ നൽകുകയും ചെയ്യും. ഗ്രാമങ്ങളിൽ സുശക്തമായ രോഗ പ്രതിരോധ സംവിധാനം ഉറപ്പുവരുത്തുന്നതോടൊപ്പം തന്നെ ഒരു പുതിയ ആരോഗ്യ സംരക്ഷണ സംസ്കാരം കൂടി സൃഷ്ടിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി രൂപം നൽകിയ, ജനകീയ ആരോഗ്യ ക്ലബുകൾ മുഖേന ബോധവത്കരണ ക്ലാസുകൾ, ജീവിതശൈലി രോഗ സ്ക്രീനിംഗ് ക്യാമ്പുകൾ, ഗ്രാമീണരിൽ വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക സെഷനുകൾ എന്നിവ നടത്തി വരുന്നു. പകർച്ചവ്യാധി രോഗനിയന്ത്രണ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു. മലേറിയ, കാലാഅസാർ, ഫൈലേറിയാസിസ്, ക്ഷയരോഗം എന്നിവയുടെ നിവാരണ  പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും വയോജനങ്ങളുടെ പ്രത്യേക ആരോഗ്യ ആവശ്യങ്ങൾ പരിഗണിച്ച് പാലിയേറ്റീവ്, ഫിസിയോതെറാപ്പി സേവനങ്ങൾക്ക്  ഊന്നൽ നൽകിക്കൊണ്ട് ആവശ്യമായ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. കൂടാതെ ആദിവാസി വിഭാഗങ്ങൾ, തീരദേശത്ത് വസിക്കുന്നവർ, LGBTIQA+, സ്ത്രീകൾ, ഭിന്നശേഷിക്കാർ തുടങ്ങിയ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിഭാഗങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ വിശകലനം ചെയ്ത് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു. പുതിയ ജന്തുജന്യ രോഗങ്ങൾ അടക്കമുള്ള രോഗങ്ങൾ ആരംഭത്തിൽത്തന്നെ കണ്ടെത്താനുള്ള പാരിസ്ഥിതിക-മൃഗജന്യ മനുഷ്യരോഗഘടകങ്ങളും ഒന്നിപ്പിച്ച് പരിശോധിക്കുകയും ഇടപെടുകയും ചെയ്യുന്ന “One Health Programme' പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു. ''ഹബ് ആന്റ് സ്പോക്ക്' രീതിയിലുള്ള ലാബ് സർവ്വീസുകൾ ഏകോപിപ്പിക്കുന്നതിനും  റഫറൽ പ്ലാൻ ഉൾപ്പെടെയുള്ള ചികിത്സാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും മുൻതൂക്കം നൽകുന്നു |
| (ഡി) | ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആരോഗ്യമേഖലയിൽ ഏറ്റെടുത്തിട്ടുള്ള നവീന സംരംഭങ്ങളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആരോഗ്യ സ്ഥാപനങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>**ഇ-ഹെൽത്ത് പദ്ധതി**<br><br>സംസ്ഥാന ഡിജിറ്റൽ ഹെൽത്ത് മിഷൻ വഴി എല്ലാവർക്കും ആരോഗ്യ തിരിച്ചറിയൽ കാർഡുകൾ |

ലഭ്യമാക്കിവരുന്നു. ഇതോടൊപ്പം ആരോഗ്യപരമായ ഘടകങ്ങൾ (ഉദാഹരണം- ക്യാൻസർ സ്ക്രീനിങ്ങ്, ജീവിതശൈലി രോഗങ്ങളുടെ സ്ക്രീനിങ്ങ്) വിവിധതരം പോർട്ടലുകളിൽ രേഖപ്പെടുത്തി വരുന്നു. ഇ-ഹെൽത്ത് വഴി വിവരശേഖരണം നടത്തി ഡിജിറ്റൽ റെക്കോർഡിലേക്ക് മാറ്റുമ്പോൾ തന്നെ ആരോഗ്യ വിവരങ്ങൾ സമഗ്രമായി വിലയിരുത്താൻ കഴിയും. ഇത് വഴി ആരോഗ്യ പദ്ധതികൾ ആസൂത്രണം ചെയ്യാനും രൂപപ്പെടുത്താനും സാധിക്കും. മറ്റ് പ്രദേശങ്ങളുമായി താരതമ്യം ചെയ്യാനും ആരോഗ്യ പദ്ധതികളുടെ വിശകലനത്തിനും ഇത്തരം ഡിജിറ്റൽ ഡാറ്റ സഹായകമാകും. ഏകാരോഗ്യ പദ്ധതിവഴിയും ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പിന്തുണയോടെ പോർട്ടലുകൾ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആരോഗ്യസ്ഥാപനങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**ശൈലി ആപ്ലിക്കേഷൻ** :

സമൂഹത്തിലെ 30 വയസ്സിനുമുകളിൽ പ്രായമായ എല്ലാവരുടെയും ജീവിത ശൈലീരോഗങ്ങളെക്കുറിച്ചും അതിലേക്ക് നയിക്കുന്ന ഹേതുക്കളെ (റിസ്ക് ഫാക്ടർ)ക്കുറിച്ചുമുള്ള വിവര ശേഖരണ സർവ്വേ ആശാ പ്രവർത്തകരിലൂടെ തയ്യാറാക്കുന്നതിനായി ഇ-ഹെൽത്ത് രൂപ കൽപ്പന ചെയ്യുന്നതാണ് ശൈലി ആപ്പ്. സ്ക്രീനിംഗിൽ രോഗസാധ്യതയുള്ളവരുടെ പരിശോധനകൾ പൂർത്തിയാക്കുകയും ആവശ്യമായവർക്ക് തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്യു. നിലവിൽ ജീവിതശൈലി രോഗങ്ങളുള്ളവരുടേയും സാധ്യത ഉള്ളവരുടേയും കൃത്യമായ വിവരങ്ങൾ ഇതുവഴി ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജീവിതശൈലി രോഗങ്ങൾ നേരത്തെ തന്നെ കണ്ടുപിടിച്ച് ചികിത്സിക്കുന്നത് വഴി രോഗം സങ്കീർണമാകാതെ നിയന്ത്രിക്കാൻ സാധിക്കും.

**ഓൺലൈൻ മെഡിക്കൽ ബോർഡ് സംവിധാനം**

ആരോഗ്യവകുപ്പിന് കീഴിൽ 82 സ്ഥാപനങ്ങളിൽ ഓൺലൈൻ മെഡിക്കൽ ബോർഡുകൾ നടന്നു വരുന്നു.

**PMNDP പോർട്ടൽ (Pradhan Mantri National Dialysis Programme** :

ഡയാലിസിസ് പ്രോഗ്രാം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് ഉപയോഗിച്ച് വരുന്നു .

**KARS-NET :(Kerala AntI Microbial Resistance Surveillance Net Work)**

ആന്റിമൈക്രോബിയൽ സർവെയ്‌ലെൻസിനു വേണ്ടി ഉപയോഗിക്കുന്നു.

**ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ**

**ഇന്ത്യയിലെ ഏതു വിഭാഗത്തിൽപ്പെട്ട ആശുപത്രികളിലും ചികിത്സിക്കപ്പെടുന്ന രോഗികളുടെ വിവരങ്ങൾ പരസ്പരം രോഗിയുടെ സമ്മതത്തോടെ കൈമാറ്റം ചെയ്തു ഉപയോഗിക്കുന്നതിനു സഹായിക്കുന്നു**

**DDMS Portal (Digital Data Management System**

**ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ മരുന്ന് വിതരണം ചെയ്യുന്നതിന്റേയും സ്റ്റോക്കിന്റേയും വിശദാംശങ്ങൾ കൂടുതൽ കാര്യക്ഷമമായ മോണിറ്ററിംഗ് ഡി.ഡി.എം.എസ് പോർട്ടൽ വഴി നടത്തി വരുന്നു.**

**ഹൃദ്യം പദ്ധതി -**

ജന്മനാ ഹൃദയ സംബന്ധമായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളെ കണ്ടെത്തി, അവരെ ഹൃദ്യം ഓൺലൈൻ പോർട്ടൽ വഴിയായി രജിസ്റ്റർ ചെയ്തു, രോഗതീവ്രതക്കനുസരിച്ച് സർജറി ഉൾപ്പെടെ ഉള്ള ചികിത്സകൾ സൗജന്യമായി നൽകി വരുന്നു.

**ശലഭം പദ്ധതി -**

സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന മുഴുവൻ കുഞ്ഞുങ്ങൾക്കും ശാരീരിക വൈകല്യങ്ങൾ, ഹൃദയ സംബന്ധമായ പ്രശ്നങ്ങൾ, കേൾവി, കാഴ്ച, തൈറോയ്ഡ് തുടങ്ങി സമഗ്ര പരിശോധന നടത്തി തുടർ ചികിത്സ ഉൾപ്പെടെ ഉറപ്പ് വരുത്തുന്നു

**ആശാധാര പദ്ധതി -**

ഹീമോഫീലിയ രോഗികൾക്ക് മരുന്ന് ലഭ്യത ഉറപ്പാക്കുന്നതിനും, അവരുടെ രക്തസ്രാവം, ബുദ്ധിമുട്ടുകൾ എന്നിവ നിരീക്ഷിക്കുന്നതിനും രോഗികൾക്ക് നേരിട്ട് ഡോക്ടർമാരുടെ

അപ്പോയ്ന്മെന്റ് എടുക്കുന്നതിനും, സംശയനിവാരണത്തിനുമുള്ള പോർട്ടൽ ആശാധാര പദ്ധതി മുഖേന വികസിപ്പിച്ചിട്ടുണ്ട്.

**ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം (LMS)**

ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ നവീന

| | | | | |
|---|---|---|---|---|
| | | | | സംരംഭങ്ങളിൽ ഒന്നാണിത്. കേരളത്തിലെ ആരോഗ്യ പരിപാലന സംവിധാനത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കും, സന്നദ്ധ പ്രവർത്തകർക്കും ആവശ്യാനുസരണവും കൃത്യമായതും, സൗകര്യപ്രദമായ വിധത്തിലും പരിശീലനങ്ങൾ ലഭ്യമാക്കുന്നതിനായി കേരള ആരോഗ്യവകുപ്പും, ദേശീയ ആരോഗ്യ ദൗത്യവും സി- ഡിറ്റുമായി സഹകരിച്ച് വികസിപ്പിച്ചെടുത്ത ഓൺലൈൻ പരിശീലന പ്ലാറ്റ്ഫോം ആണ് LMS.<br><br><u>ഇ-സഞ്ജീവനി</u><br><br>പൊതുജനങ്ങൾക്കായി രണ്ട് തരം ടെലിമെഡിസിൻ സേവനങ്ങൾ ഇതിലൂടെ നൽകി വരുന്നു. ഒന്ന് രോഗികൾക്ക് നേരിട്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്ന ഇ-സഞ്ജീവനി ഒപിഡിയും രണ്ടാമത്തേത് ഇ-സഞ്ജീവനി AB-HWC (ഡോക്ടർ ടു ഡോക്ടർ) ടെലി മെഡിസിൻ സേവനം. ജില്ലകളിലെ മെഡിക്കൽ കോളേജുകളിലെയും ജില്ലാ/ജനറൽ ആശുപത്രികളിലെയും തിരക്ക് കുറയ്ക്കാനായി ഇ-സഞ്ജീവനി AB-HWC (ഡോക്ടർ ടു ഡോക്ടർ) ടെലി മെഡിസിൻ സേവനം ഉപയോഗിക്കാവുന്നതാണ്. ഇതുവഴി പൊതുജനങ്ങൾക്കു മേൽ പറഞ്ഞ ആശുപത്രികളിലേക്കുള്ള സന്ദർശനം ഒഴിവാക്കി സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനം ലഭ്യമാണ്.<br><br>**പകർച്ചവ്യാധി രോഗനിരീക്ഷണ സംവിധാനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി Integrated Health Information Platform-IDSP സംവിധാനം നടപ്പിലാക്കി. പ്രൈവറ്റ് മേഖലയിലെ സ്ഥാപനങ്ങളും ഇപ്പോൾ ഈ സംവിധാനം മുഖേന റിപ്പോർട്ടിംഗ് ആരംഭിച്ചിട്ടുണ്ട്. മലേറിയ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, നിരീക്ഷണസംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും വേണ്ടി IHIP-VBD പോർട്ടൽ സംവിധാനം നടപ്പിലാക്കി. NVHCP പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രത്യേക പോർട്ടൽ മുഖേന നിരീക്ഷിക്കുന്നു. ചികിത്സാ കേന്ദ്രങ്ങൾ, രക്ത ബാങ്കുകൾ , തുടങ്ങി വിവിധ സ്ഥാപനങ്ങൾ ഈ പോർട്ടൽ മുഖേന വിവരങ്ങൾ ശേഖരിക്കുകയും, വിവിധ തലങ്ങളിൽ അവലോകനം നടത്തുകയും ചെയ്യുന്നു.** |

സെക്ഷൻ ഓഫീസർ